# Video Conference between Joint Secretary (East Asia) and Director General in Chinese Ministry of Foreign Affairs

June 05, 2020

## ജോയിന്റ് സെക്രട്ടറിയും (കിഴക്കൻ ഏഷ്യ) ചെനീസ് വിദേശകാര്യ മന്ത്രാലയത്തിലെ ഡയറക്ടർ ജനറലും തമ്മിലുള്ള വീഡിയോ കോൺഫറൻസ്.

**ജൂൺ** 05, 2020

ജോയിന്റ് സെക്രട്ടറിയായ (കിഴക്കൻ ഏഷ്യ) ശ്രീ നവീൻ ശ്രീവാസ്തവയും ചെനീസ് വിദേശകാര്യ മന്ത്രാലയത്തിലെ ഡയറക്ടർ ജനറൽ ശ്രീ വു ജിയാൻഹോയും തമ്മിൽ 2020 ജൂൺ 5 ന് വിഡിയോ കോൺഫറൻസിലൂടെ കൂടിക്കാഴ്ച നടത്തി.

നിലവിലെ വികസനങ്ങൾ ഉൾപ്പടെ ഉഭയകക്ഷി ബന്ധങ്ങളുടെ സ്ഥിതി ഇരു വിഭാഗങ്ങളും വിലയിരുത്തി.ഈ സാഹചര്യത്തിൽ, നിലവിലെ ആഗോള സ്ഥിതി സ്ഥിരപ്പെടുത്തുന്നതിൽ ഇന്ത്യയും ചൈനയും തമ്മിലുള്ള സമാധാനപൂർണവും സ്ഥിരതയുള്ളതും സന്തുലിതവുമായ ബന്ധം വളരെ അനുകൂലമായ ഒരു ഘടകമാണ് എന്ന രീതിയിൽ ഇരു നേതാക്കളും എത്തിച്ചേർന്ന അഭിപ്രായ ഐക്യം അവർ അനുസ്മരിക്കുകയുണ്ടായി. നേതൃത്വങ്ങൾ നൽകിയ നിർദേശങ്ങൾക്ക് അനുസരിച്ച്, പരസ്പരമുള്ള അവബോധം, ആശങ്കകൾ കൂടാതെ ആഗ്രഹങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ട് തന്നെ, ഇരു വിഭാഗങ്ങളും തങ്ങൾക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങളെ, തർക്കങ്ങൾക്ക് കരണമാകാത്ത രീതിയിൽ സമാധാനപരമായ ചർച്ചയിലൂടെ കൈകാര്യം ചെയ്യണമെന്ന് അനുകൂലിക്കുകയും ചെയ്തു.

കോവിഡ്-19 പകർച്ചവ്യാധി മൂലമുള്ള വെല്ലുവിളികളും വിവിധ ബഹുരാഷ്ട്ര ഫോമുകളിൽ ഉള്ള സഹകരണവും സംബന്ധിച്ചും ഇരു രാജ്യങ്ങളും ചർച്ച നടത്തി.

**ന്യൂ ഡൽഹി**
**05 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.